സൂറഃ-7

# അൽ അഅ്റാഫ്

103. പിന്നീട്, മേൽപറഞ്ഞ ജനതകൾക്കുശേഷം മൂസായെ നാം വ്യക്തമായ ദൃഷ്ടാന്തങ്ങളുമായി ഫറവോനിലേക്കും അവന്റെ ജനപ്രമാണിമാരിലേക്കും നിയോഗിച്ചു. അവരും അതിനെയൊക്കെയും ധിക്കരിച്ചുകളഞ്ഞു. നോക്കുക, ആ നാശകാരികളുടെ പര്യവസാനം എപ്രകാരമായിരുന്നു?!

ثُمَّ بَعَثْنَا مِنۢ بَعْدِهِم مُّوسَىٰ بِـَٔايَـٰتِنَآ إِلَىٰ فِرْعَوْنَ وَمَلَإِي۟هِۦ فَظَلَمُوا۟ بِهَا ۖ
فَٱنظُرْ كَيْفَ كَانَ عَـٰقِبَةُ ٱلْمُفْسِدِينَ ﴿١٠٣﴾

104. മൂസാ പ്രഖ്യാപിച്ചു: അല്ലയോ ഫറവോൻ, സർവലോകവിധാതാവിങ്കൽനിന്ന് നിയുക്തനായ ദൂതനാകുന്നു ഞാൻ.

وَقَالَ مُوسَىٰ يَـٰفِرْعَوْنُ إِنِّى رَسُولٌ مِّن رَّبِّ ٱلْعَـٰلَمِينَ ﴿١٠٤﴾

105. അല്ലാഹുവിന്റെ പേരിൽ സത്യമല്ലാത്തതൊന്നും പറയാതിരിക്കാൻ ബാധ്യതയുണ്ടെനിക്ക്: നിങ്ങളുടെ നാഥങ്കൽനിന്നുള്ള വ്യക്തമായ തെളിവുമായിട്ടാകുന്നു ഞാൻ വന്നിട്ടുള്ളത്. ആകയാൽ ഇസ്രയേൽ മക്കളെ എന്നോടൊപ്പം വിട്ടയക്കണം.

حَقِيقٌ عَلَىٰٓ أَن لَّآ أَقُولَ عَلَى ٱللَّهِ إِلَّا ٱلْحَقَّ ۚ قَدْ جِئْتُكُم بِبَيِّنَةٍ مِّن رَّبِّكُمْ
فَأَرْسِلْ مَعِىَ بَنِىٓ إِسْرَٰٓءِيلَ ﴿١٠٥﴾

106. ഫറവോൻ പറഞ്ഞു: വല്ല ദൃഷ്ടാന്തവും കൊണ്ടുവന്നിട്ടുണ്ടെങ്കിൽ അത് കാണിച്ചുതരിക; നീ പറയുന്നത് സത്യമാണെങ്കിൽ!

قَالَ إِن كُنتَ جِئْتَ بِـَٔايَةٍ فَأْتِ بِهَآ إِن كُنتَ مِنَ ٱلصَّـٰدِقِينَ ﴿١٠٦﴾

107. മൂസാ തന്റെ വടി നിലത്തിട്ടു. ഉടനെയതാ, അതൊരു സജീവ സർപ്പമായിത്തീർന്നു.

فَأَلْقَىٰ عَصَاهُ فَإِذَا هِىَ ثُعْبَانٌ مُّبِينٌ ﴿١٠٧﴾

108. സ്വന്തം കീശയിൽനിന്ന് മൂസാ തന്റെ കൈ പുറത്തെടുത്തു. അപ്പോഴതാ നോക്കുന്നവരൊക്കെയും അത് വെള്ളനിറമാർന്നതായി കാണുന്നു.

وَنَزَعَ يَدَهُۥ فَإِذَا هِىَ بَيْضَآءُ لِلنَّـٰظِرِينَ ﴿١٠٨﴾

ثُمَّ = പിന്നീട്  بَعَثْنَا = നാം നിയോഗിച്ചു  مِنۢ بَعْدِهِم = അവർക്ക് (മേൽ പറഞ്ഞ ജനങ്ങൾക്കു) ശേഷം  مُّوسَىٰ = മൂസായെ
بِـَٔايَـٰتِنَآ = നമ്മുടെ ദൃഷ്ടാന്തങ്ങളുമായി  إِلَىٰ فِرْعَوْنَ = ഫറവോനിലേക്ക്  وَمَلَإِي۟هِۦ = അവന്റെ (ജന)പ്രമാണിമാരിലേക്കും
فَظَلَمُوا۟ بِهَا = അവരതിനോട് അതിക്രമം ചെയ്തു (ധിക്കരിച്ചു)  فَٱنظُرْ = നീ നോക്കുക  كَيْفَ كَانَ = എപ്രകാരമായിരുന്നു(വെന്ന്)
عَـٰقِبَةُ = പര്യവസാനം  ٱلْمُفْسِدِينَ = ആ നാശകാരികളുടെ  وَقَالَ مُوسَىٰ = മൂസാ പറഞ്ഞു (പ്രഖ്യാപിച്ചു)
يَـٰفِرْعَوْنُ = അല്ലയോ ഫറവോൻ  إِنِّى = തീർച്ചയായും ഞാൻ  رَسُولٌ = (നിയുക്തനായ) ദൂതനാകുന്നു
مِّن رَّبِّ ٱلْعَـٰلَمِينَ = സർവലോക വിധാതാവിങ്കൽനിന്ന്  حَقِيقٌ = ബാധ്യത(യുണ്ട്)  عَلَىٰٓ = എനിക്ക്  أَن لَّآ أَقُولَ = ഞാൻ പറയാതിരിക്കാൻ
عَلَى ٱللَّهِ = അല്ലാഹുവിന്റെ പേരിൽ  إِلَّا ٱلْحَقَّ = സത്യം അല്ലാത്തത് (ഒന്നും)

قَدْ جِئْتُكُم = തീർച്ചയായും ഞാൻ നിങ്ങളിൽ വന്നു(വന്നിട്ടുള്ളത്) بِبَيِّنَةٍ = (വ്യക്തമായ) തെളിവുമായിട്ടാകുന്നു

مِّن رَّبِّكُمْ = നിങ്ങളുടെ നാഥങ്കൽനിന്ന് فَأَرْسِلْ = ആകയാൽ വിട്ടയക്കണം مَعِيَ = എന്റെ കൂടെ

بَنِيٓ إِسْرَٰٓءِيلَ = ഇസ്രാഈൽ മക്കളെ قَالَ = അവൻ (ഫറവോൻ) പറഞ്ഞു إِن كُنتَ جِئْتَ = നീ വന്നിട്ടുണ്ടെങ്കിൽ

بِـَٔايَةٍ = ഒരു (വല്ല) ദൃഷ്ടാന്തവും കൊണ്ട് فَأْتِ بِهَآ = അത് കൊണ്ടുവരിക(കാണിച്ചുതരിക) إِن كُنتَ = നീ ആണെങ്കിൽ

مِنَ ٱلصَّٰدِقِينَ = സത്യവാന്മാരിൽ പെട്ടവൻ (പറയുന്നത് സത്യം) فَأَلْقَىٰ = അവൻ (മൂസ നിലത്ത്) ഇട്ടു عَصَاهُ = അവ(ത)ന്റെ വടി

فَإِذَا هِيَ = ഉടനെ അതാ അത് (ആയിത്തീർന്നു) ثُعْبَانٌ = സർപ്പം مُّبِينٌ = വ്യക്തമായ (സജീവമായ)

وَنَزَعَ = അവൻ (മൂസാ കീശയിൽനിന്ന് പുറത്തെടുത്തു) ഊരി يَدَهُۥ = അദ്ദേഹത്തിന്റെ കൈ

فَإِذَا هِيَ = അപ്പോൾ (ഉടനെ) അതാ അത് بَيْضَآءُ = അതീവ ശുഭ്രമാകുന്നു (വെള്ള നിറമാർന്നതായി കാണുന്നു)

لِلنَّٰظِرِينَ = നോക്കുന്നവർക്കൊക്കെയും

**103–108:** ഇതുവരെ പ്രതിപാദിച്ചത് അറബികളുമായി നേരിട്ടു ബന്ധമുള്ള പ്രവാചകന്മാരുടെയും ജനതകളുടെയും ചരിത്രമായിരുന്നു. ഇവിടെ മുതൽ എഴുപതോളം സൂക്തങ്ങളിലായി അവതരിപ്പിക്കുന്നത് മൂസാ നബിയുടെയും ഫറവോന്റെയും കഥകളാണ്. ഒപ്പം ഇസ്രാഈൽവംശത്തിന്റെ മതപരവും രാഷ്ട്രീയവുമായ ഉത്ഥാനപതനങ്ങളുടെ സംഗ്രഹിതവും എന്നാൽ സമഗ്രവുമായ ചരിത്രവും ഇതിൽ ഇതൾ വിടർത്തപ്പെടുന്നത് കാണാം. ചരിത്രപരമായ വീക്ഷണകോണിലൂടെ നോക്കിയാൽ മുൻചൊന്ന ചരിത്രങ്ങളുടെ പൂരണമാണിത്. ഇതുവരെ പറഞ്ഞതിൽ ഒടുവിലത്തേത് മിദ്യാനികളുടെയും ശുഐബ് നബിയുടെയും കഥയാണല്ലോ. മൂസാ (അ) പ്രവാചകത്വത്തിനു മുമ്പ് കുറേക്കാലം മിദ്യാനിൽ താമസിച്ചിട്ടുണ്ട്. അവിടെ അദ്ദേഹത്തിന്റെ തൊഴിലുടമയും ശ്വശുരനുമായിരുന്നു ശുഐബ് നബി എന്നു പറയപ്പെടുന്നു. പക്ഷേ, ശുഐബ് നബിയുടെ കാലത്ത് മിദ്യാനികൾ നശിപ്പിക്കപ്പെട്ടതായി ഖുർആൻ പറയുന്നു. മൂസാ(അ) മിദ്യാനിലെത്തിയപ്പോൾ മിദ്യാനികൾ അത്രയേറെ ദുഷിച്ചുപോയിരുന്നതായോ, ഒരു നിയുക്ത പ്രവാചകനായ മൂസാ(അ) ശുഐബ് നബിയുടെ പ്രബോധന സംരംഭത്തിൽ എന്തെങ്കിലും പങ്കുവഹിച്ചതായോ ഖുർആൻ സൂചിപ്പിക്കുന്നില്ല. മൂസായുടെ ശ്വശുരൻ മിദ്യാനിലെ പുരോഹിതനായ യിത്രോ ആയിരുന്നുവെന്നാണ് ബൈബിൾ പറയുന്നത്. ഇദ്ദേഹം ഒരു പക്ഷേ, ദൈവശിക്ഷയിൽനിന്ന് രക്ഷപ്പെട്ട ശുഐബ് നബിയുടെയും മറ്റു മിദ്യാനികളുടെയും പിന്മുറക്കാരനാകാം. ഏതായാലും ശുഐബ് നബിക്കു ശേഷം ആഗതനായ പ്രവാചകനാണ് മൂസാ(അ). മിദ്യാനു തൊട്ടു കിടക്കുന്ന മിസ്രയീമിലാണ് അദ്ദേഹം നിയുക്തനായത്. മിദ്യാനുമായി അദ്ദേത്തിനു വിവാഹബന്ധവുമുണ്ടായിരുന്നു. ഇതൊക്കെയാവാം ശുഐബ് നബിയുടെ കഥക്കുശേഷം പ്രഭാഷണം മൂസാ–ഫറവോൻ ചരിത്രത്തിലേക്കു തിരിഞ്ഞതിന്റെ സാംഗത്യം.

ബി.സി 13-ാം നൂറ്റാണ്ടിൽ മഹാധിക്കാരിയും സർവാധിപതിയുമായി വാണ മിസ്രയീം രാജാവ് ഫറവോനെയും അയാളുടെ പ്രജകളായ ഖിബ്തി(കോപ്റ്റിക്കു)കളെയും സത്യത്തിലേക്കും ധർമത്തിലേക്കും പ്രബോധനം ചെയ്യാനാണ് അല്ലാഹു മൂസാ(അ)യെ ദൈവദൂതനായി നിയോഗിച്ചത്. മിസ്രയീമിൽ ഖിബ്തികളാൽ അടിമകളാക്കപ്പെടുകയും അടിച്ചമർത്തപ്പെടുകയും ചെയ്ത പീഡിത വിഭാഗമായ ഇസ്രാഈല്യരുടെ മോചനവും മൂസാ(അ)യുടെ നിയോഗ ലക്ഷ്യമായിരുന്നു. 'ഫിർഔൻ' എന്നത് സാമൂതിരി, ചേരമാൻ എന്നിവ പോലെ രാജവംശത്തിന്റെ പേരാണ്. സൂര്യവംശം എന്നാണതിനർഥം. ഖിബ്തികളുടെ മഹാദേവനായിരുന്നു സൂര്യൻ. അതിന്റെ പ്രതിനിധി എന്ന നിലയിലായിരുന്നു ഫറവോന്റെ ആധിപത്യം. ആത്മീയവും ഭൗതികവുമായ അധികാരങ്ങൾക്കുടയവനായ ഫറവോൻ ദൈവതുല്യനായി സ്വയം കരുതുകയും പ്രജകൾ അതംഗീകരിക്കുകയും ചെയ്തിരുന്നു. മൂസാ(അ) വളർന്നത് ഫറവോന്റെ കൊട്ടാരത്തിലാണ്. മൂസായെ വളർത്തിയ ഫറവോനായിരുന്നില്ല അദ്ദേഹം പ്രബോധനം ചെയ്ത ഫറവോൻ എന്നാണ് ചില ചരിത്രകാരന്മാർ പറയുന്നത്. വളർത്തിയ ഫറവോന്റെ പേര് റംസിസ് രണ്ടാമൻ എന്നായിരുന്നു. ഫറവോൻ മുൻഫത്ത ആയിരുന്നു മൂസാ(അ)യുടെ ദൗത്യകാലത്ത് അധികാരത്തിലുണ്ടായിരുന്നത്. മൂസാ(അ)യുടെ ചരിത്രം സൂറഃ *അൽബഖറ* 47–96 സൂക്തങ്ങളിലും സൂറഃ *അന്നിസാഅ്* 153–161 സൂക്തങ്ങളിലും പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത സൂക്തങ്ങൾക്കു താഴെ *ഖുർആൻ ബോധനം* നൽകിയിട്ടുള്ള വിശദീകരണങ്ങൾ ചേർത്തുവായിക്കുന്നത് നന്നായിരിക്കും.

മുൻ പറഞ്ഞ ജനതകൾ അവരിലേക്ക് നിയുക്തരായ ധർമപ്രവാചകന്മാരെ നിഷേധിക്കുക വഴി നാശഗർത്തത്തിലകപ്പെട്ടതുപോലെ, ഉഗ്രപ്രതാപികളായിരുന്ന ഖിബ്തി പ്രമാണികളും അവരുടെ രാജാവായ ഫറവോനും മൂസായെ നിഷേധിച്ചതിനാൽ നാശത്തിലകപ്പെട്ടുവെന്ന് ചൂണ്ടിക്കാണിക്കുകയാണ്. ഖുറൈശികൾ മുഹമ്മദ് നബിയോടുള്ള നിഷേധവും ധിക്കാരവും തുടരുന്ന പക്ഷം അവരുടെയും ഗതി ഇതുതന്നെയായിരിക്കുമെന്ന താക്കീതാണ് ഇതുൾക്കൊള്ളുന്നത്.

ഇവിടെ مِنۢ بَعْدِهِم (അവർക്കു ശേഷം) എന്നതിലെ സർവനാമം സൂചിപ്പിക്കുന്നത് നേരത്തേ 59 മുതൽ 92 വരെ സൂക്തങ്ങളിൽ പരാമർശിക്കപ്പെട്ട ജനതകളാണ്. بِـَٔايَٰتِنَآ (നമ്മുടെ ദൃഷ്ടാന്തങ്ങളുമായി) എന്നതുകൊണ്ട് വിവക്ഷ മൂസാ(അ)യുടെ പ്രവാചകത്വം സാക്ഷ്യപ്പെടുത്തുന്ന ദിവ്യാത്ഭുതങ്ങളും (معجزات) ഏകദൈവത്വത്തിനും പ്രവാചകത്വത്തിനും പരലോകത്തിനുമുള്ള പ്രകൃതിപരവും ബുദ്ധിപരവുമായ സാക്ഷ്യങ്ങളും മനുഷ്യജീവിതത്തിന്റെ അടിസ്ഥാനതത്ത്വങ്ങളായി മൂസാ(അ) കൊണ്ടുവന്ന ന്യായപ്രമാണങ്ങളുമാണ്. ഈ ത്രിമുഖ ദൃഷ്ടാന്തങ്ങൾ സൂറഃ *ത്വാഹ*യിൽ വിശദമായി പ്രതിപാദിക്കപ്പെടുന്നുണ്ട്.

മൂസാ(അ) ഒരു ഇസ്രാഈലീ പ്രവാചകനായിട്ടാണറിയപ്പെടുന്നതെങ്കിലും യഥാർഥത്തിൽ അദ്ദേഹം ഇസ്രയേലികളിലേക്കു മാത്രമായി നിയുക്തനായ പ്രവാചകനായിരുന്നില്ല; ധിക്കാരികളായ ഖിബ്തികളെയും ഫറവോനെയും സംസ്കരിക്കുകയായിരുന്നു അദ്ദേഹത്തിന്റെ യഥാർഥ ലക്ഷ്യമെന്ന് بَعَثْنَا ........... إِلَىٰ فِرْعَوْنَ وَمَلَإِي۟هِۦ (ഫറവോനിലേക്കും അവന്റെ ജനപ്രമാണിമാരിലേക്കും...... നാം നിയോഗിച്ചു) എന്ന വാക്യത്തിൽനിന്ന് വ്യക്തമാകുന്നു. തുവാ താഴ്‌വരയിൽ അല്ലാഹു മൂസാ(അ)യെ ആദ്യമായി സംബോധന ചെയ്തപ്പോൾ

കൽപിച്ചതായി സൂറഃ *അന്നാസിആത്ത്* 17-19 സൂക്തങ്ങളിൽ പറയുന്നു.

اذْهَبْ إِلَىٰ فِرْعَوْنَ إِنَّهُ طَغَىٰ ﴿١٧﴾ فَقُلْ هَل لَّكَ إِلَىٰ أَن تَزَكَّىٰ ﴿١٨﴾ وَأَهْدِيَكَ إِلَىٰ رَبِّكَ فَتَخْشَىٰ ﴿١٩﴾

(നീ ഫറവോന്റെ അടുത്തേക്ക് പോവുക. അവൻ മഹാധിക്കാരിയായിരിക്കുന്നു. സംസ്കാരം കൈക്കൊള്ളാൻ സന്നദ്ധനാണോ എന്ന് അവനോട് ചോദിക്കുക. നിന്റെ വിധാതാവിങ്കലേക്ക് ഞാൻ നിന്നെ നയിക്കാമെന്നും അങ്ങനെ നിനക്ക് ദൈവഭക്തനായിത്തീരാമെന്നും പറയുക).

സൂറഃ *ത്വാഹാ* 43,44-ൽ മൂസായോടും ഹാറൂനോടും കൽപിക്കുന്നു:

اذْهَبَا إِلَىٰ فِرْعَوْنَ إِنَّهُ طَغَىٰ ﴿٤٣﴾ فَقُولَا لَهُ قَوْلًا لَّيِّنًا لَّعَلَّهُ يَتَذَكَّرُ أَوْ يَخْشَىٰ ﴿٤٤﴾

(ഇരുവരും ഫറവോന്റെ അടുക്കൽ ചെല്ലുക. അവൻ മഹാധിക്കാരിയായിരിക്കുന്നു. അവനോട് മയത്തിൽ സംസാരിക്കുക. അവൻ ചിന്തിച്ചു മനസ്സിലാക്കുകയോ ദൈവഭക്തനാവുകയോ ചെയ്തിരുന്നെങ്കിലോ). സൂറഃ *അശ്ശുഅറാഅ്* 10,11 സൂക്തങ്ങളിൽ അല്ലാഹു മൂസാ(അ)യോട് കൽപിച്ചതായി ഉദ്ധരിക്കുന്നു:

وَإِذْ نَادَىٰ رَبُّكَ مُوسَىٰ أَنِ ائْتِ الْقَوْمَ الظَّالِمِينَ ﴿١٠﴾ قَوْمَ فِرْعَوْنَ ۚ أَلَا يَتَّقُونَ ﴿١١﴾

(നിന്റെ നാഥൻ മൂസയെ വിളിച്ച് കൽപിച്ചതോർക്കുക: അധർമികളായ ആ ജനത്തിലേക്ക് പോവുക. അതായത്, ഫറവോന്റെ ജനത്തിലേക്ക്. നിങ്ങൾ ദൈവഭക്തരാവാത്തതെന്ത് എന്ന് അവരോട് ചോദിക്കുക).

ഫറവോനും കൂട്ടരും മൂസാ നബിയുടെ പ്രബോധനം സ്വീകരിച്ചിരുന്നുവെങ്കിൽ ഈജിപ്തിലെ ഇസ്രാഈല്യരുടെ പ്രശ്നം അതോടെ പരിഹൃതമായേനെ. അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും ആ വിശ്വാസം അനുശാസിക്കുന്ന ജീവിതക്രമം സ്വീകരിക്കുകയും ചെയ്ത സമൂഹത്തിന് അവരിൽ ഏതെങ്കിലും വിഭാഗത്തോട് അനീതി ചെയ്യാനോ അടിച്ചമർത്തി അടിമകളാക്കാനോ കഴിയില്ല. പക്ഷേ ഖിബ്തികളുടെ വരേണ്യബോധവും ഫറവോന്റെ അധികാരപ്രമത്തതയും ഇസ്‌ലാമിൽനിന്ന് അവരെ തടഞ്ഞു. ഈ സാഹചര്യത്തിൽ ഖിബ്തി അടിമത്തത്തിൽനിന്ന് ഇസ്രാഈല്യരെ രക്ഷിക്കാൻ മൂസാ നബിക്ക് മുമ്പിലുണ്ടായിരുന്ന മാർഗം അവരെ പൂർവദേശമായ ഫലസ്തീനിലേക്ക് തിരിച്ചുകൊണ്ടുപോവുകയായിരുന്നു. ഇസ്രാഈല്യർ ഈജിപ്തിൽ കുടിയേറാനുണ്ടായ കാരണവും പിന്നീട് അവരവിടെ അടിമകളായിത്തീർന്ന സാഹചര്യവും നേരത്തേ സൂറഃ *അൽബഖറ* 47-96, *അന്നിസാഅ്* 153-161 സൂക്തങ്ങൾക്കു താഴെ ചർച്ച ചെയ്തിട്ടുണ്ട്.

മൂസാ നബിയെ യഹൂദരുടെ ഒരു ഗോത്ര വിമോചകനായിട്ടാണ് ബൈബിൾ ചിത്രീകരിക്കുന്നത്. ഇത് യഹൂദരുടെ സങ്കുചിത വർഗീയ വികാരം മൂലം മൂസാചരിത്രത്തിനു വന്നുചേർന്ന വലിയൊരു അപചയമാണ്. തനിക്കു ചുറ്റുമുള്ള എല്ലാവരെയും അസത്യത്തിൽനിന്നും അധർമത്തിൽനിന്നും അന്ധവിശ്വാസങ്ങളിൽനിന്നും മോചിപ്പിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ദൗത്യം. അതിന്റെ ഒരു പ്രായോഗിക നടപടിയായിരുന്നു ഇസ്രാഈല്യരുടെ മോചനം. ഫറവോൻ പ്രഭൃതികളെ അസത്യത്തിൽനിന്ന് മോചിപ്പിക്കുന്നതിൽ അദ്ദേഹം വിജയിച്ചില്ല. ഇസ്രാഈല്യരെ സ്വതന്ത്രമാക്കുന്നതിൽ കുറച്ചു വിജയിച്ചു. വിജയിച്ച ആ സംരംഭം മാത്രമായിരുന്നു അദ്ദേഹത്തിന്റെ ദൗത്യമെന്ന് കരുതുന്നത് ശരിയല്ല. അദ്ദേഹം സത്യത്തിന്റെ പ്രബോധകനായിരുന്നു. മാനവികതയുടെ വിമോചകനായിരുന്നു. മനുഷ്യൻ മനുഷ്യനെ അടിമയാക്കുന്നതിനെതിരിലുള്ള ധീരമായ പ്രവർത്തനമായിരുന്നു മൂസാ(അ)യുടെയും കൂട്ടരുടെയും ഈജിപ്തിൽനിന്നുള്ള പുറപ്പാട്. അതുകൊണ്ടാണ് ഇസ്രാഈല്യരുടെ ആ വിമോചനദിനത്തെ (മുഹർറം 10) ഇസ്‌ലാമും പുണ്യദിനമായി ആചരിക്കുന്നത്.

നേരത്തേ പറഞ്ഞ 5 പ്രവാചകവര്യന്മാരും മൂസാ(അ)യും തമ്മിൽ ഒരു വ്യത്യാസമുണ്ട്. അവരാരും ഏതെങ്കിലും രാജാവിനെ സംബോധന ചെയ്തതായി പറയുന്നില്ല. നാട്ടുപ്രമാണിമാരെയാണ് എല്ലാവരും സംബോധന ചെയ്യുന്നത്. അവരൊക്കെ പ്രബോധനം ചെയ്തിരുന്നത് ഗോത്ര സമൂഹങ്ങളെയായിരുന്നുവെന്നാണിതിൽനിന്ന് മനസ്സിലാകുന്നത്. ഗോത്രവ്യവസ്ഥയിൽ ഗോത്ര മുഖ്യന്മാർ-ملاء- തന്നെയാണ് അധികാരകേന്ദ്രം. വേറെ നിയതമായ ഭരണകൂടമോ രാജാവോ ഉണ്ടാവണമെന്നില്ല. മൂസാ(അ) നിയുക്തനാകുമ്പോൾ ഈജിപ്തിൽ പ്രബലമായ ഒരു രാജാധികാര ഭരണകൂടമുണ്ടായിരുന്നു. അദ്ദേഹം ആദ്യമേ സംബോധന ചെയ്യുന്നത് രാജാവിനെ-ഫറവോനെയാണ്. പ്രബലമായ രാജാധികാര വ്യവസ്ഥയുള്ള സമൂഹത്തിൽ ആഗതനായ മറ്റൊരു പ്രവാചകനായി നാം കാണുന്നത് ഇബ്റാഹീം നബിയെയാണ്. അദ്ദേഹം അന്നത്തെ ഊർ രാജാവായ നംറൂദുമായി നടത്തിയ സംവാദം ഖുർആൻ 2:258, 6:76-79 സൂക്തങ്ങളിൽ ഉദ്ധരിച്ചിട്ടുണ്ട്. ആ സംവാദവും ഈ സൂറയിലും *ഖസ്വസ്, ത്വാഹാ, അശ്ശുഅറാഅ്, അന്നിസാഅ്* തുടങ്ങിയ സൂറകളിലും മൂസാ നബിയും ഫറവോനുമായി നടത്തിയ സംവാദങ്ങളും ശ്രദ്ധിച്ചു വായിച്ചാൽ രണ്ടു രാജാക്കന്മാരും പ്രവാചകന്മാരുടെ രംഗപ്രവേശത്തെ തങ്ങളുടെ അനിയന്ത്രിതമായ പരമാധികാരത്തിനെതിരെ ഉയരുന്ന വെല്ലുവിളിയായിട്ടാണ് കണ്ടതെന്ന് വ്യക്തമാകും. ആ കാഴ്ചപ്പാട് ശരിയുമായിരുന്നു. ഭരണകൂടമടക്കം സമൂഹത്തിന്റെ എല്ലാ തലങ്ങളും ദുഷിക്കുമ്പോഴാണ് പ്രവാചകന്മാർ ആഗതരായിരുന്നത്. രാജാക്കന്മാരുടെ ഏകാധിപത്യത്തെയും സ്വേഛാധിപത്യത്തെയും അവർക്കു നേരിടേണ്ടതുണ്ടായിരുന്നു. മൂസാ(അ)യുടെ പൂർവികൻ യൂസുഫ്(അ) തന്റെ ദൗത്യമാരംഭിച്ചത് ഈജിപ്ഷ്യൻ രാജാവിൽനിന്ന് അധികാരമേറ്റെടുത്തുകൊണ്ടാണ്. ഗോലിയാത്തിനെ അഭിമുഖീകരിച്ച ദാവൂദ്(അ) അയാളെ വധിച്ച് രാജ്യം പിടിച്ചെടുത്തുകൊണ്ടാണ് തന്റെ ദൗത്യമാരംഭിച്ചത്. രാജാവായ പ്രവാചകനായിരുന്നു സുലൈമാൻ നബി(അ). അക്കാലത്ത് ബൽഖീസ് രാജ്ഞി ഭരിച്ചിരുന്ന ശേബാ രാജ്യത്തെ അദ്ദേഹം ദൈവികധർമത്തിനു വിധേയമാക്കി. മുഹമ്മദ് നബി(സ) മക്കയിൽ ആഗതനാകുമ്പോൾ മക്കയിൽ രാജാക്കന്മാരുണ്ടായിരുന്നില്ല. ഗോത്രവ്യവസ്ഥയായിരുന്നു. പക്ഷേ, പേർഷ്യയിലെയും ഈജിപ്തിലെയും റോമിലെയും മറ്റും രാജാക്കന്മാരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് അദ്ദേഹം കത്തുകളയച്ചുകൊണ്ടിരുന്നു.

പ്രവാചകന്മാരുടെ പ്രബോധനം അരാഷ്ട്രീയവും കേവല സാംസ്കാരികവുമായിരുന്നില്ല, ആവാൻ കഴിയുമായിരുന്നില്ല എന്നാണിത് വ്യക്തമാക്കിത്തരുന്നത്. അസത്യത്തിന്റെയും അധർമത്തിന്റെയും വിപാടനവും അടിച്ചമർത്തപ്പെട്ടവരുടെ വിമോചനവും അധികാരിവർഗത്തെ അഭിമുഖീകരിക്കാതെ അസാധ്യമാണ്. അസത്യത്തെ നിലനിർത്തുകയും പാവങ്ങളെ അടിച്ചമർത്തുകയും പീഡിപ്പിക്കുകയും ചെയ്യുന്ന അധികാരകേന്ദ്രങ്ങളെയും നിയമങ്ങളെയും വെല്ലുവിളിക്കാൻ അവർ നിർബന്ധിതരായിരുന്നു. അതുകൊണ്ടാണ് വരേണ്യവർഗം എപ്പോഴും പ്രവാചകന്മാരുടെ പ്രഥമ ശത്രുക്കളും ഏഴകൾ പ്രഥമ ശിഷ്യന്മാരുമായിരുന്നത്. പ്രവാചകദൗത്യത്തിന്റെ

രാഷ്ട്രീയ മുഖം ഏറെ വ്യക്തമാക്കുന്നതാണ് മൂസാ-ഫറവോൻ ചരിത്രം.

മനുഷ്യന്റെ സമഷ്ടി ജീവിതത്തെ സമ്പൂർണമായി കൈയടക്കാൻ ശ്രമിക്കുന്ന ആധുനിക-ഭൗതിക-നാസ്തിക പ്രത്യയശാസ്ത്രങ്ങൾ ദീനിനെ ലോകത്തുനിന്ന് തുടച്ചുനീക്കുന്നതിൽ പരാജയപ്പെട്ടപ്പോൾ സ്വീകരിച്ച തന്ത്രമാണ് അരാഷ്ട്രീയ മതം. വ്യക്തിജീവിതത്തിൽ വേണമെന്നുള്ളവർക്ക് മതം ആചരിക്കാം. അതിനുള്ള സ്വാതന്ത്ര്യം രാഷ്ട്രം അനുവദിച്ചുകൊടുക്കും. പക്ഷേ, പൊതുജീവിതത്തെക്കുറിച്ച് അഥവാ സാമൂഹികനീതിയെയും ഭരണകൂടത്തിന്റെ അടിസ്ഥാനതത്ത്വങ്ങളെയും നിയമനടപടികളെയും കുറിച്ച് മതം മിണ്ടാൻ പാടില്ല. ഇത് അംഗീകരിക്കപ്പെടുമ്പോൾ ദീനിന്-ദൈവിക ധർമത്തിന്- സാമൂഹികജീവിതത്തിൽ ഇടം ഇല്ലാതാകുന്നു. അധികാരകേന്ദ്രം പൂർണമായി ചെകുത്താന്റെ സ്വാധീനത്തിലാകുന്നു. മതത്തിന്റെ പ്രവർത്തനം മതവിരുദ്ധ അധികാരകേന്ദ്രങ്ങളുടെ ഔദാര്യത്തിലാകുന്നു. നിങ്ങൾക്ക് സ്വന്തം നിലയിൽ പ്രാർഥിക്കാം, നമസ്കരിക്കാം. ദിക്റ് ഹൽഖകൾ സംഘടിപ്പിക്കാം. ജിന്ന്-പിശാചുക്കളെക്കുറിച്ച് മതിവരുവോളം തർക്കിക്കാം. ജാറം നേർച്ചകളും മറ്റും പൊതുസമൂഹത്തിനു വേണ്ടെങ്കിലും വേണമെന്നുള്ളവർക്ക് നടത്താൻ സർക്കാർ സംരക്ഷണം നൽകും. പക്ഷേ ആധുനിക ജാഹിലിയ്യത്തിന്റെ അഭിനവ വിഗ്രഹങ്ങൾക്കെതിരെ ശബ്ദിച്ചുകൂടാ. ശബ്ദിച്ചാൽ അത് മതരാഷ്ട്രവാദമാണ്, തീവ്രവാദവും ഭീകരവാദവുമാണ്. അധികാരകേന്ദ്രങ്ങളോടുള്ള പ്രബോധനം മൗലികവാദവും മതരാഷ്ട്രവാദവുമാണെങ്കിൽ മേൽപറഞ്ഞ പ്രവാചകവര്യന്മാരെല്ലാം മൗലികവാദികളും മതരാഷ്ട്രവാദികളുമായിരുന്നുവെന്ന് പറയേണ്ടിവരും.

മൂലത്തിലെ ظلموا-ന്റെ ഭാഷാർഥം അക്രമം ചെയ്തു, മർദിച്ചു എന്നാണ്. അതിന്റെ കർമം ب അക്ഷരത്തോട് ചേർന്നു വരുമ്പോൾ അർഥം നിഷേധിച്ചു, ധിക്കരിച്ചു എന്നായിത്തീരും.

ഇസ്രാഈല്യരുടെ ചരിത്രവും അറബികൾക്ക് അന്യമായിരുന്നില്ല. ഫറവോൻ ഇസ്രാഈല്യരെ പീഡിപ്പിച്ചതും അതിന്റെ പര്യവസാനവുമെല്ലാം അവർക്കറിയാമായിരുന്നു. ഇസ്രാഈല്യർക്ക് മൂസാ എപ്രകാരം രക്ഷകനായിരുന്നുവോ അപ്രകാരം അറബികൾക്ക് രക്ഷകനാണ് മുഹമ്മദ് നബി. മൂസായിലൂടെ ധർമസംസ്ഥാപനത്തിൽ ഇസ്രാഈല്യർക്കുണ്ടായിരുന്ന നേതൃപദവി മുഹമ്മദീയ പ്രവാചകത്വത്തിലൂടെ അല്ലാഹു അറബികളിലേക്ക് മാറ്റുകയായിരുന്നു. മൂസാ(അ)ക്കു ശേഷം യഹൂദർ സ്വീകരിച്ച തെറ്റായ നടപടികളുടെയും നിലപാടുകളുടെയും ഫലമാണത്. നാശകാരികൾ-مفسدين- കൊണ്ടുദ്ദേശ്യം ഫറവോനും കൂട്ടരും മാത്രമാവണമെന്നില്ല. മൂസായുടെ നിയോഗത്തിനുശേഷവും ഇസ്രാഈല്യരിൽ പലരും ആ പ്രവാചകന്റെ പാതയിൽനിന്ന് മനഃപൂർവം വ്യതിചലിച്ചിരുന്നു. ചിലർ വ്യക്തമായ ധിക്കാരത്തിലേർപ്പെടുകയും ചെയ്തു. അതുമൂലം ആ സമുദായത്തിന് വളരെ കഷ്ടനഷ്ടങ്ങളനുഭവിക്കേണ്ടതായി വരികയും ചെയ്തു.

'ഞാൻ സർവലോകവിധാതാവിങ്കൽനിന്നുള്ള ദൂതനാകുന്നു' എന്ന മൂസായുടെ വാക്ക് ഒരു സത്യപ്രസ്താവനയെന്നതിലുപരി, പരമാധികാരമുള്ള രാജാധിരാജനാണ് താനെന്ന ഫറവോന്റെ അഹന്തക്കെതിരെയുള്ള ഒരസ്ത്രവും കൂടിയാണ്. സാധാരണ പ്രവാചകന്മാരുടെ പ്രബോധനാരംഭം ജനങ്ങളേ അല്ലാഹുവിനോട് ഭക്തിയുള്ളവരായിരിക്കുക, അല്ലാഹുവിന് ഇബാദത്ത് ചെയ്യുക-اتقوا الله واعبدوه- എന്നാണ്. ഒരു പക്ഷേ, ഫറവോനെ അത് നേരത്തേ ഉദ്ബോധിപ്പിച്ചിരിക്കാം.

حَقَّ-യുടെയും حُقَّ-യുടെയും *ഫഈൽ* (فعيل) മൂശയിലുള്ള കർതൃവാചിയാണ് حَقِيقٌ. അർഹൻ, ബാധ്യസ്ഥൻ, ഉത്തരവാദി എന്നൊക്കെ അർഥമാവാം. ഈ പദം ഇവിടെ ഉപയോഗിച്ച പോലെ عَلَىٰ-യോട് ചേർക്കുമ്പോൾ വളരെ ജാഗ്രതയുള്ളവൻ, സൂക്ഷ്മതയുള്ളവൻ എന്ന അർഥവും കൂടി ഉൽപാദിതമാകുന്നു. 'നീ സത്യവാനെങ്കിൽ' എന്ന ഫറവോന്റെ പരാമർശത്തിനു മറുപടിയായി, ഞാൻ പറയുന്നത് കളവോ ഊഹമോ അനുമാനമോ അല്ല, അല്ലാഹുവിങ്കൽനിന്ന് ലഭിച്ച വ്യക്തമായ ജ്ഞാനം തന്നെയാണ്, അല്ലാഹുവിനെക്കുറിച്ച് സത്യമല്ലാത്തതൊന്നും പറയാതിരിക്കാൻ ഉത്തരവാദപ്പെട്ടവനും ആ ഉത്തരവാദിത്വം പാലിക്കുന്നതിൽ അതീവ ജാഗ്രതയുള്ളവനുമാണ് ഞാൻ എന്ന് വ്യക്തമാക്കുകയാണ് മൂസാ(അ).

മൂസാ നബി ഇവിടെ സൂചിപ്പിക്കുന്ന വ്യക്തമായ തെളിവ് അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന വടിയും കീശയിൽനിന്ന് പുറത്തെടുക്കുമ്പോൾ ശുഭ്രവർണമാർന്നതായി കാണപ്പെടുന്ന കൈയുമാണ്. തനിക്ക് ഫറവോന്റെ മുമ്പിൽ ചെന്നുനിൽക്കാൻ ഭയമാണെന്നും തന്നെപ്പോലൊരാൾ ആ രാജാധിരാജന്റെ മുമ്പിൽ കൈയും വീശി ചെന്നതുകൊണ്ട് ഒരു കാര്യവുമില്ലെന്നും മൂസാ അല്ലാഹുവിന്റെ മുമ്പിൽ ബോധിപ്പിച്ചപ്പോൾ, ഫറവോനെ ഞെട്ടിക്കാനും ചിന്തിപ്പിക്കാനും അല്ലാഹു നൽകിയ ആയുധങ്ങളായിരുന്നു അവ. അല്ലാഹു മൂസാ(അ)ക്ക് 9 ദിവ്യാത്ഭുതങ്ങൾ നൽകിയിരുന്നതായി സൂറഃ *അൽഇസ്രാഇൽ* പറയുന്നുണ്ട്. ബാക്കിയുള്ള ഏഴു അത്ഭുതങ്ങൾ ഫറവോനികൾക്ക് വലിയ പരീക്ഷണങ്ങളുമായിരുന്നു. അതുമൂലം പീഡനമുണ്ടാകുമ്പോഴൊക്കെ, അതിൽനിന്ന് രക്ഷിച്ചാൽ മൂസായിൽ വിശ്വസിച്ചുകൊള്ളാമെന്ന് അവർ വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ പീഡനമകന്നാൽ വാക്കു മാറുകയായിരുന്നു.

മൂസാ(അ) ഫറവോന്റെ മുമ്പിൽ ചെന്ന് 'ഞാൻ ദൈവദൂതനാണ്, നോക്കൂ അതിനു തെളിവായി ഇതാ രണ്ട് ദിവ്യാത്ഭുതങ്ങൾ. അതിനാൽ ഇസ്രാഈല്യരെ എന്നോടൊപ്പം വിട്ടയക്കണം' എന്ന് പ്രഖ്യാപിക്കുകയായിരുന്നു എന്ന അർഥത്തിലല്ല ഇവിടെ فَأَرْسِلْ مَعِيَ بَنِيٓ إِسْرَٰٓءِيلَ എന്നു പറയുന്നത്. ഈ ആവശ്യം ഉന്നയിക്കുന്നതിന് മുമ്പ് നേരത്തേ സൂചിപ്പിച്ചതുപോലെ ദൈവവിശ്വാസത്തിലേക്കും ഭക്തിയിലേക്കും ജീവിതസംസ്കരണത്തിലേക്കും ക്ഷണിച്ചിട്ടുണ്ടായിരുന്നു. സൂറഃ *അശ്ശുഅറാഇലും അന്നാസിആത്തിലും* അത് വരുന്നുണ്ട്. ആവർത്തിച്ചുദ്ധരിക്കപ്പെടുന്ന ചരിത്രങ്ങളിൽ അതത് സന്ദർഭങ്ങളിൽ പ്രസക്തമായ സംഭവങ്ങൾ മാത്രം ഉദ്ധരിക്കുകയാണ് ഖുർആന്റെ രീതി. പ്രവാചകന്മാരെ നിഷേധിച്ചവരുടെ ദുരന്തങ്ങൾ ചൂണ്ടിക്കാണിക്കുകയാണ് ഈ സൂറയിൽ ഫറവോൻ ചരിത്രം ഉദ്ധരിക്കുന്നതിന്റെ ലക്ഷ്യം. അതിനാൽ ആ ഭാഗമാണ് ഇവിടെ മുഴപ്പിച്ചു കാണിക്കുന്നത്. മറ്റു കാര്യങ്ങൾ അവയുടെ സന്ദർഭങ്ങളിൽ വിവരിച്ചിട്ടുണ്ട്.

ഇസ്രാഈല്യരെ എങ്ങോട്ടാണ് അയച്ചുതരേണ്ടതെന്ന് മൂസാ(അ) ഇവിടെ വെളിപ്പെടുത്തുന്നില്ല. ഫലസ്തീനാണ് ലക്ഷ്യമെന്ന കാര്യം അദ്ദേഹം ഫറവോനിൽനിന്ന് മറച്ചുവെക്കുകയായിരുന്നു. മരുഭൂമിയിൽ മൂന്നു ദിവസത്തെ സഞ്ചാര ദൂരത്തിൽ പോയി പ്രാർഥിക്കാൻ വിട്ടയക്കണമെന്നാണ് മൂസാ ആവശ്യപ്പെട്ടതെന്ന് ബൈബിൾ പുറപ്പാട് പുസ്തകത്തിൽ പറയുന്നുണ്ട്. തങ്ങളുടെ ദൈവാരാധനയിൽ ഗോബലിയുള്ളതിനാലാണ് അത്രയും ദൂരേക്ക് പോകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ഖിബ്തികൾക്ക് ഗോഹത്യ വർജ്യമായിരുന്നു. ഇന്ത്യയിലെ ചില ഹിന്ദുക്കൾ മറ്റു മതവിഭാഗങ്ങൾക്ക് ഗോഹത്യ നിരോധിച്ചതുപോലെ ഖിബ്തികൾ ഇസ്രാഈല്യർക്കും ഗോഹത്യ നിഷിദ്ധമാക്കിയിരുന്നു. ഈ നിരോധത്തിൽനിന്ന് രക്ഷപ്പെടാനാണ് മിസ്രയീമിൽനിന്ന് പുറത്തു പോകുന്നത്. ഇസ്രാഈല്യരെ ദിവസങ്ങളോളം പണിമുടക്കാനനുവദിക്കില്ല എന്ന അടിസ്ഥാനത്തിലാണ് ഫറവോൻ ആ യാത്ര വിലക്കിയത്. ഇസ്രാഈല്യർ രാജ്യത്തിനു പുറത്തു പോയി ശത്രുക്കളുമായി കൂട്ടുചേർന്ന് മിസ്രയീമിനെ ആക്രമിച്ചേക്കും എന്ന ഭയമായിരുന്നു യഥാർഥ കാരണം. ■